# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: റ്റി. 286

18-02-2013 ൽ മറുപടിയ്ക്ക്

## പൊക്കാളി, കോൾ പാടങ്ങളെ പൈതൃക ഗ്രാമപട്ടികയിൽ ഉൾപ്പെടുത്തണമെന്ന ശുപാർശ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | പൊക്കാളി, കോൾ പാടങ്ങളെ പൈതൃക ഗ്രാമപട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ഇതു സംബന്ധിച്ച സമിതി ശുപാർശ ചെയ്തിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ മറ്റ് പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>സമിതിയുടെ ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏതെല്ലാം ജില്ലകളിലാണ് പൊക്കാളി, കോൾ പാടങ്ങളുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പൊക്കാളി കൃഷിയും മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ കോൾ കൃഷിയും ചെയ്തു വരുന്നു. |
| (സി) | സംസ്ഥാനത്ത് മൊത്തമുണ്ടായിരുന്ന ഇത്തരം പാടങ്ങൾ എത്ര ആയിരുന്നു; ഇപ്പോൾ എത്ര ഹെക്ടർ പാടങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) | സംസ്ഥാനത്ത് ആകെ 2645 ഹെക്ടർ പൊക്കാളി കൃഷിയും 13852 ഹെക്ടർ കോൾ കൃഷിയും ഉണ്ടായിരുന്നു. നിലവിൽ 1415 ഹെക്ടർ പൊക്കാളി പാടങ്ങളും 10797 ഹെക്ടർ കോൾപാടങ്ങളും ഉണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ... മാത്രം